പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5454 04.07.2013- ൽ മറുപടിയ്ക്ക്

മെഡിക്കൽ ഫോട്ടോഗ്രാഫേഴ്സ് തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.റ്റി. ജോർജ്ജ്: | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) മെഡിക്കൽ ഫോട്ടോഗ്രാഫേഴ്സ് തസ്തിക കേരളത്തിൽ എത്ര മെഡിക്കൽ കോളേജുകളിലും, ഡെന്റൽ കോളേജിലും നിലവിലുണ്ട് ; ഏതെല്ലാം കോളേജുകളിൽ ഒഴിവുകൾ നിലവിലുണ്ട്; പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തത് എത്ര; | (എ) | തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ 2 വീതവും കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ഓരോന്നു വീതവും മൊത്തം 6 മെഡിക്കൽ ഫോട്ടോഗ്രാഫർ മാരുടെ തസ്തികകളാണുള്ളത്. നിലവിൽ ഒഴിവുകൾ ഇല്ല. |
| (ബി) തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിൽ നിന്നും ജീവനക്കാരനെ ഉൾപ്പെടെ തസ്തിക കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റിയപ്പോൾ അവിടെ നിലവിൽ വേക്കൻസി നിലവിലുണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിൽ നിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് തസ്തിക മാറ്റിയപ്പോൾ അവിടെ നിലവിൽ ഒഴിവുകളൊന്നും ഉണ്ടായിരുന്നില്ല. |
| (സി) ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തിന് 40 വിദ്യാർത്ഥികൾക്ക് ഒരു തസ്തിക അനിവാര്യമാണോ ; | (സി) | ഇത്തരം മാനദണ്ഡങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) തിരുവനന്തപും ഡെന്റൽ കോളേജിൽ നിന്നും തസ്തിക ഉൾപ്പെടെ ജീവനക്കാരെ സ്ഥലംമാറ്റിയതുമൂലം തസ്തിക ഇല്ലാതായ കോളേജിന്റെ അഫിലിയേഷൻ നഷ്ടമാകുമോ; | (ഡി) | ഇല്ല |
| (ഇ) ഈ തസ്തികയിലേക്ക് കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് നിയമിക്കപ്പെടാൻ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എന്ന് നിലവിൽ വന്നു; ഇതുവരെ നിയമനം നടത്താത്തതിന് കാരണമെന്തെന്ന് അറിയുമോ? | (ഇ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മെഡിക്കൽ ഫോട്ടോഗ്രാഫർ തസ്തികയിലേക്ക് നിയമനം നല്കാൻ 29.01.2013 ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിരുന്നു. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ